കേരള സമാജം (രജി.)
Kerala Samajam Complex, K S Rao Road
Mangaluru. Ph: 0824 2441323
E-mail : keralasamajammangalore@gmai.com
ESTD:1957

# സമാജ സന്ദേശം

ഒരു കേരള സമാജം പ്രസിദ്ധീകരണം

നവംബർ– 2022

# പുതുതലമുറയിൽ പുഞ്ചിരി പകരാൻ കേരള സമാജം യുവജന വിഭാഗം

ക്രിസ്മസ് – പുതുവത്സര ആഘോഷ വേളയിൽ പുതുതലമുറകൾക്കു പുഞ്ചിരി പകരാനുള്ള ശ്രമവുമായി കേരള സമാജം യുവജനവിഭാഗം രംഗത്ത്. ഇതിനായി വിവിധ പ്രവർത്തനങ്ങൾക്ക് യുവജന വിഭാഗം ആസൂത്രണം ചെയ്തു. വ്വിദ്യാർത്ഥികളുമായി ഇടപഴകുന്നതിന് സ്കൂൾ സന്ദർശനം, തുടർന്ന് ബോധ വൽക്കരണ പ്രഭാഷണം, ഗെയിമുകൾ, കലാ–സാംസ്കാരിക പരിപാടികൾ തുടങ്ങിയവ സംഘടിപ്പിക്കാനും തീരുമാനിച്ചിട്ടുണ്ട്.

യുവജന വിഭാഗം അംഗങ്ങളിൽ നിന്നും കേരള സമാജം സ്കൂൾ വിദ്യാർഥികളിൽ നിന്നും മറ്റും പുനരുപയോഗിക്കാവുന്ന തുണികൾ ശേഖരിച്ച് വസ്ത്രം ലഭിക്കാത്ത പാവപ്പെട്ടവർക്ക് വേണ്ടി തുണികൾ റീസൈക്കിൾ ചെയ്തു കൊടുക്കുക തുടങ്ങിയ നിരവധിയായ പ്രവർത്തനങ്ങൾക്ക് യുവജന വിഭാഗം രൂപം നൽകിയിട്ടുണ്ട്.

ചെറിയ ഇടപെടലുകൾ കൊണ്ട് സമൂഹത്തിൽ വലിയ മാറ്റമുണ്ടാക്കാൻ കഴിയുമെന്ന വിലയിരുത്തലിന്റെ അടിസ്ഥാനത്തിലാണ് കേരള സമാജം യുവജന വിഭാഗം ഇത്തരം പ്രവർത്തനങ്ങൾക്ക് രൂപം നൽകിയത്.

കീറിപ്പറിഞ്ഞ വസ്ത്രം ധരിച്ചും മറ്റും ജീവിതത്തിൽ അവഗണനയും അപകർഷതയും അനുഭവിക്കുന്നവർക്ക് ആശ്വാസമേകാൻ സഹായമേകുക എന്ന ചിന്തയിൽ നിന്നാണ് പുനരുപയോഗിക്കുന്ന വസ്ത്രങ്ങളും മറ്റും ശേഖരിച്ച് റീസൈക്കിൾ ചെയ്ത് ഇങ്ങിനെയുള്ളവർക്ക് വിതരണം ചെയ്യുന്നത് അടക്കമുള്ള വിവിധ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തത്.

ഇതോടൊപ്പം വിദ്യാർഥികൾക്കും യുവജനങ്ങൾക്കുമായി വിവിധ ബോധവൽക്കരണ പരിപാടികൾ, ലഹരി വിരുദ്ധ ക്യാമ്പയിനുകൾ, വിദ്യാഭ്യാസ–തൊഴിൽ മാർഗനിർദേശക പരിപാടികൾ തുടങ്ങിയവയെല്ലാം യുവജന വിഭാഗം ലക്ഷ്യമിടുന്നുണ്ട്.

യുവജന വിഭാഗത്തിന്റെ നേതൃത്വത്തിൽ കേരള സമാജം സ്കൂളിൽ ക്രിസ്തുമസ്–പുതുവത്സ ആഘോഷങ്ങളും സംഘടിപ്പിച്ചു. വിവിധ പരിപാടികൾ, കെയ്ക്ക് വിതരണം, ബോധവൽക്കരണ ക്ലാസ് എന്നിവ നടന്നു.

സ്കൂൾ വിദ്യാർഥികൾക്കായി കൗമാരക്കാരിലെ ആരോഗ്യകരമായ വളർച്ച എന്ന വിഷയത്തിൽ ക്ലാസ് നടന്നു. മംഗളൂരുവിൽ ക്ലിനിക്കൽ സൈക്കോളജിസ്റ്റായ ബി.ശ്വേത ക്ലാസെടുത്തു.

കേരള സമാജം വൈസ് പ്രസിഡണ്ട് വി.ഗോപാലൻ നായർ, സ്കൂൾ പ്രധാനാധ്യാപിക ഹേമലത, കേരള സമാജം യുവജന വിഭാഗം കൺവീനർ വി.ശ്രീരാജ്, കോ–കൺവീനർ ലിയ മഹേഷ്, യുവജന വിഭാഗം പ്രവർത്തകർ തുടങ്ങിയവർ സംബന്ധിച്ചു.



ക്രേരള സമാജം യുവജന വിഭാഗം കേരള സമാജം സ്കൂളിൽ സംഘടിപ്പിച്ച കിസ്തുമസ്–പുതുവത്സര ആഘോഷങ്ങളുടെ ഭാഗമായി വിദ്യാർഥികൾക്ക് കെയ്ക്ക് വിതരണം ചെയ്യുന്നു.

## ബൈലോ ഭദഗതി: സ്പെഷ്യൽ ജനറൽ ബോഡി ചേരും

മംഗളൂരു കേരള സമാജത്തിന്റെ ബൈലോ പരിഷ്കരിക്കുന്നതിന്റെ ഭാഗമായി സ്പെഷ്യൽ ജനറൽബോഡി യോഗം ജനുവരി 22ന് ഉച്ച കഴിഞ്ഞ് 3.30ന് മംഗളൂരു കേരള സമാജം സുവർണ ജൂബിലി ഹാളിൽ നടക്കും.

കേരള സമാജം രൂപീകരണ വേളയിൽ തയാറാക്കിയതാണു നിലവിലുള്ള ബൈലോ. ഇതിൽ കാലോചിതമായ മാറ്റങ്ങൾ വരുത്താൻ നേരത്തെ തീരുമാനിക്കുകയും ഇതിനുള്ള പ്രാരംഭ നടപടികൾ ആരംഭിക്കുകയും ചെയ്തിരുന്നു. ഇതിന്റെ ഭാഗമായി മുമ്പും പ്രത്യേക ജനറൽ ബോഡിയോഗം ചേർന്ന് കരട് ഭേദഗതി അവതരിപ്പിക്കുന്നത് അടക്കമുള്ള നടപടികൾ പൂർത്തിയാക്കിയിരുന്നു. ഇതിന്റെ തുടർച്ചയായാണ് ബൈലോ ഭേദഗതി അംഗീകരിക്കുന്നതുമായി ബന്ധപ്പെട്ട് പ്രത്യേക ജനറൽബോഡി യോഗം ചേരുന്നത്.

## സമാജ സന്ദേശം എഡിറ്റോറിയൽ ബോർഡ്

മംഗളൂരു കേരള സമാജത്തിന്റെ മുഖപത്രമായ സമാജ സന്ദേശത്തിന്റെ എഡിറ്റോറിയൽ ബോർഡ് പുനസംഘടിപ്പിച്ചു. കേരള സമാജം പ്രസിഡണ്ടാണ് ടി.കെ.രാജനാണ് സമാജ സന്ദേശത്തിന്റെ എഡിറ്ററും പ്രിന്ററും പബ്ലിഷറും.

രാജേഷ് കുമാർ കാങ്കോൽ, റാണി കലാധരൻ, നാരായണൻ കേളോത്ത്, കേരള സമാജം സെക്രട്ടറി മാക്സിൻ സെബാസ്റ്റ്യൻ, വൈസ് പ്രസിഡണ്ട് വി. ഗോപാലൻ നായർ, എസ്. അജയകുമാർ, അജി കുമാർ എന്നിവരാണ് എഡിറ്റോറിയൽ ബോർഡിലെ മറ്റ് അംഗങ്ങൾ.

എല്ലാ മാസവും സമയ ബന്ധിതമായി സമാജ സന്ദേശം പ്രസിദ്ധീകരിക്കാനാണ് എഡിറ്റോറിയൽ ബോർഡിന്റെ ശ്രമം. ഇതിലേക്ക് അംഗങ്ങളുടെയും അവരുടെ കുടുംബാംഗങ്ങളുടെയും സർഗ സൃഷ്ടികൾ ലഭ്യമാക്കണമെന്ന് എഡിറ്റോറിയൽ ബോർഡ് അഭ്യർഥിച്ചു.

## ക്രിസ്തുമസ്–പുതുവത്സര ആഘോഷം ജനുവരി 22ന്

മംഗളൂരു കേരള സമാജം സംഘടിപ്പിക്കുന്ന ക്രിസ്തുമസ്–പുതുവത്സര ആഘോഷങ്ങൾ ജനുവരി 22ന് വൈകിട്ട് പ്രത്യേക ജനറൽ ബോഡി യോഗത്തിനു ശേഷം നടക്കും.

അംഗങ്ങളുടെ കുടുംബ സംഗമം അടക്കം ഇതിന്റെ ഭാഗമായി നടക്കുമെന്ന് പ്രസിഡണ്ട് ടി.കെ.രാജൻ, സെക്രട്ടറി മാക്സിൻ സെബാസ്റ്റ്യൻ എന്നിവർ അറിയിച്ചു. മംഗളൂരു കെ.എസ്.റാവു റോഡിലെ കേരള സമാജം ഓഫിസ് കെട്ടിടത്തിലെ സുവർണ ജൂബിലി ഹാളിലാണു പരിപാടി. മുഴുവൻ അംഗങ്ങളും കുടുംബ സമേതം പങ്കെടുക്കണമെന്ന് ഭാരവാഹികൾ അഭ്യർഥിച്ചു.

ലോകം വീണ്ടും കോവിഡ് ഭീതിയിലേക്ക് നീങ്ങുന്ന സാഹചര്യത്തിൽ കേന്ദ്ര –സംസ്ഥാന സർക്കാരുകളും ആരോഗ്യ വകുപ്പും പുറപ്പെടുവിക്കുന്ന കോവിഡ് മാനദണ്ഡങ്ങൾക്കും നിയന്ത്രണങ്ങൾക്കും വിധേയമായി ആയിരിക്കും പരിപാടികൾ സംഘടിപ്പിക്കുക.

പരിപാടിയിൽ പങ്കെടുക്കാൻ എത്തുന്ന അംഗങ്ങളും കോവിഡ് പ്രതിരോധത്തിനുള്ള മാർഗ നിർദേശങ്ങൾ പാലിക്കുകയും ജാഗ്രത പുലർത്തുകയും ചെയ്യണമെന്ന് സമാജം ഭാരവാഹികൾ അറിയിച്ചു.

പരിപാടി സംബന്ധിച്ച വിശദമായ വിവരങ്ങൾ അംഗങ്ങളെ അറിയിക്കുമെന്നും ഭാരവാഹികൾ വ്യക്തമാക്കി.

## കേരള സമാജത്തിനു വെബ്സൈറ്റ് തയാറാകുന്നു

മംഗളൂരു കേരള സമാജത്തിന് വെബ്സൈറ്റ് തയാറാക്കുന്നു. സമാജത്തിന്റെ പ്രവർത്തനങ്ങൾ അംഗങ്ങളിലും പൊതു സമൂഹത്തിലും എത്തിക്കാൻ ഡിജിറ്റൽ–സമൂഹ മാധ്യമ–സാങ്കേതിക വിദ്യാ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിന്റെ ഭാഗമായാണിത്.



മുഹമ്മദ് ഹനീഫ്

നിലവിൽ ഫെയ്സ് ബുക്ക് അടക്കമുള്ള സമൂഹ മാധ്യമ അക്കൗണ്ടുകൾ കേരള സമാജത്തിനുണ്ട്.

വെബ്സൈറ്റിന്റെ പ്രവർത്തനങ്ങൾക്കായി മുഹമ്മദ് ഹനീഫ് കൺവീനറും വി.ശ്രീരാജ് ജോയിന്റ് കൺവീനറുമായ ടീമിനെ ചുമതലപ്പെടുത്തി പ്രാരംഭ നടപടി കൾ ആരംഭിച്ചു. വെബ്സൈറ്റ് എത്രയും പെട്ടന്ന് പ്രവർത്തനക്ഷമം ആക്കാനാണു ശ്രമം.




# സന്ദേശം

പ്രിയമെമ്പർമാരേ......
എല്ലാ മാന്യ മെമ്പർമാർക്കും ഹൃദയത്തിന്റെ ഭാഷയിൽ ക്രിസ്തുമസ്സ് പുതുവത്സരാശംസകൾ സ്നേഹപൂർവ്വം നേരുന്നു. കൂട്ടായ്മയുടെ പുതിയ വസന്തം തീർക്കാൻ ഉതകുന്നതാകട്ടെ ഈ വരുന്ന പുതിയ വർഷം എന്ന് നമുക്ക് പ്രത്യാശിക്കാം. ഈ വരുന്ന ജനുവരി 22 ന് കേരള സമാജം ജൂബിലി ഹാളിൽ വെച്ച് ക്രിസ്തുമസ് ന്യൂ ഇയറിനോടനുബന്ധിച്ച് കുടുംബ സംഗമം നടത്താൻ ഉദ്ദേശിച്ച വിവരം എല്ലാ മാന്യ മെമ്പർ മാരേയും ഈയവസരത്തിൽ അറിയിക്കുകയാണ്. പ്രിയമെമ്പർമാർ എല്ലാവരും തന്നെ ഈ ആഘോഷ വിരുന്നിൽ പങ്കെടുക്കണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു. അന്നേ ദിവസം തന്നെ ഒരു സ്പെഷ്യൽ ജനറൽ ബോഡിയും നടത്തപ്പെടുന്നതായിരിക്കും. സമാജത്തിന്റെ മുന്നോട്ടുള്ള പ്രവർത്തനങ്ങളിൽ നിങ്ങൾ ഓരോ മെമ്പർമാരുടേയും സഹായ സഹകരണങ്ങൾ പ്രതീക്ഷിച്ചു കൊണ്ട്...

സ്നേഹപൂർവ്വം
പ്രസിഡണ്ട്
ടി.കെ.രാജൻ
ഫോൺ: 9448134955

## റിപ്പോർട്ട്



മാന്യ മെമ്പർമാരെ,

എല്ലാവർക്കും ഹൃദയം നിറഞ്ഞ ക്രിസ്തുമസ്സ് പുതുവത്സരാശംസകൾ.

കേരള സർക്കാരിനു കീഴിലുള്ള മലയാളം മിഷൻ സംഘം കേരള സമാജം സന്ദർശിച്ച് മലയാള പാഠ്യപദ്ധതിയെക്കുറിച്ച് ചർച്ച ചെയ്യുകയും എസ്എസ്എൽസിക്ക് തത്തുല്ല്യമായ സർട്ടിഫിക്കറ്റ് ഓരോ കോഴ്സിന് ആനുപാതികമായി നൽകുന്നതിനെക്കുറിച്ചു വിശദീകരിക്കുകയും ചെയ്തിരുന്നു. അടുത്ത് തന്നെ ഈ പാഠ്യപദ്ധതി തുടങ്ങുവാൻ സമാജം ഉദ്ദേശിക്കുന്നുണ്ടെന്ന വിവരം മാന്യ മെമ്പർമാരെ അറിയിക്കുകയാണ്. അതു പോലെ തന്നെ സമാജത്തിന് സ്വന്തമായി ഒരു വെബ്സൈറ്റ് തുടങ്ങുവാൻ തീരുമാനിക്കുകയും, വെബ്സൈറ്റിന്റെ പ്രവർത്തനങ്ങൾ മികച്ച രീതിയിൽ മെമ്പർമാർക്ക് ഉതകുന്ന വിധം പ്രവർത്തനക്ഷമമാക്കുന്നതിന് വേണ്ടി പ്രാരംഭ നടപടികൾ പൂർത്തീകരിക്കുകയും ചെയ്ത് വരുന്നു.
കൂടാതെ ഈ വരുന്ന ജനുവരി 22 ന് ക്രിസ്തുമസ്–പുതവത്സര ആഘോഷത്തോട് അനുബന്ധിച്ച് കേരള സമാജം അംഗങ്ങളുടെ കുടുംബ സംഗമം നടത്തുവാനും തീരുമാനിച്ചിട്ടുണ്ട്.
അന്നേ ദിവസം തന്നെ സ്പെഷൽ ജനറൽബോഡി യോഗവും നടത്തപ്പെടുന്നതാണ്.
സമാജത്തിന്റെ ഭരണഘടനയിൽ കാലാനുസൃതമായ മാറ്റങ്ങൾ വരുത്തി പുതിയ ചില നയങ്ങൾ രൂപീകരിക്കുവാൻ നേരത്തെ നടപടി ആരംഭിച്ചതാണ്. ഇതിന്റെ ഭാഗമായാണ് സ്പെഷൽ ജനറൽബോഡി യോഗം ചേരുന്നത്. ജനറൽ ബോഡി യോഗത്തെക്കുറിച്ചുള്ള നോട്ടീസും മറ്റ് വിശദാംശങ്ങളും വൈകാതെ തന്നെ മാന്യ മെമ്പർ മാരെ അറിയിക്കുന്നതാണ്.
സമാജത്തിന്റെ കൂട്ടായ പ്രവർത്തനങ്ങളിൽ നിങ്ങൾ ഓരോരുത്തരുടേയും സഹായ സഹകരണങ്ങൾ എപ്പോഴും ഉണ്ടാകുമെന്ന പ്രതീക്ഷയിൽ എല്ലാ മെമ്പർ മാർക്കും ഒരിക്കൽക്കൂടി ക്രിസ്തുമസ് ന്യൂ ഇയർ ആശംസകൾ നേരുന്നു.

എന്ന്
സെക്രട്ടറി
മാക്സിൻ സെബാസ്റ്റ്യൻ
ഫോൺ– 94484 85867

**കഥ** **ഹരികുമാർ**

# മൂവന്തിയാമം



മൂവന്തി യാമത്തിലേക്ക് മറയാൻ തുടിക്കുന്ന സൂര്യനെയും നോക്കി ഞാൻ യാത്ര തിരിച്ചപ്പോഴാണ് വഴിവക്കിൽ മറ്റൊരു അമ്മയെ കണ്ടത് ...

തിരക്കുള്ള റോഡിലൂടെ പോകുന്ന വാഹനത്തെയും ആൾക്കാരെയും നോക്കി ആ അമ്മ എന്തോ ഒന്ന് പറയുന്നുണ്ട്. ...

കൂടണയാൻ പറക്കുന്ന കിളികളെ പോലെ എല്ലാവരും തിരക്കിട്ട ഓട്ടത്തിലാണ്......

ഇടക്കാരൊക്കെയോ വന്നു വില പേശുന്നു , വേണ്ടാന്ന് പറഞ്ഞു തിരിഞ്ഞു നടക്കുന്നു... വരുന്നവരോട് കെഞ്ചിയും പോകുന്നവരെ നോക്കി ഒന്നുകൂടി ആ ഇടറിയ ശബ്ദത്തിൽ തിരികെ വിളിക്കുന്ന അമ്മയെ നോക്കാതെ ആണ് വന്നവരൊക്കെ പോകുന്നത്........

എന്റെ ഒരുകയ്യിൽ പാപമോചനത്തിനായി കാത്തു കിടക്കുന്ന അഹല്യയെന്നോണമുള്ള എന്റെ സൃഷ്ടിയും മറ്റേ കൈയിൽ ശ്രീമതി തന്ന ലിസ്റ്റിലെ സാധനങ്ങളും കൊണ്ട് ബസ് സ്റ്റോപ്പിൽ നിൽക്കുകയായിരുന്നു... ആ അമ്മയുടെ വാടിയ മുഖത്ത് നിന്ന് എന്തിനു വേണ്ടിയോ മന്ത്രിക്കുന്നു എന്നെനിക്കു തോന്നി ..

പതിയെ ഞാൻ അടുത്ത് ചെന്ന് വില തിരക്കി ....
'എത്രെയാ അമ്മേ?.... ആ ചോദ്യം കേട്ട പാടെ എന്നെ എന്തോ ഒരു വാത്സല്യത്തോടെ ആ അമ്മ നോക്കി.

' ഒരെണ്ണം പതിനഞ്ചു രൂപ... നാലെണ്ണം എടുത്താൽ അമ്പതിന് തരാം മോനെ..'

'എനിക്കൊരു അഞ്ചെണ്ണം വേണം ' എന്നായി ഞാനും ....

'എന്തിനാ മോനെ ഇത്രെയും? ആ ചോദ്യത്തിൽ. തന്നെ ഒരുപാട് മറു ചോദ്യങ്ങൾ ഉണ്ടായിരുന്നു. ആ മൗനത്തിൽ ഞാൻ അത് മനസ്സിലാക്കി.....



കയ്യിൽ ഒരു നൂറു രൂപ ഉണ്ടായിരുന്നു ... ബാക്കി ഉള്ളത് ബസ്സിന് കൊടുക്കാൻ മാത്രം ..

നല്ല വിശപ്പും ദാഹവും എന്നോട് അടിപിടി കൂടാൻ തുടങ്ങിയിട്ട് കുറെ നേരമായി. വല്ലതും വാങ്ങിച്ചു കഴിക്കാൻ നോക്കുമ്പോൾ ആയിരുന്നു ഈ അമ്മയെ കണ്ടത്...

'അയ്യോ മോനെ, അമ്മേടെ കയ്യിൽ ബാക്കി തരാൻ ചില്ലറ ഇല്ലല്ലോ !!...'

'സാരമില്ല അമ്മെ അടുത്ത തവണ മതി.. എനിക്ക് നേരമായി ...' എന്നും പറഞ്ഞു ആ കൈതച്ചക്കയും ഒരു ബാഗിലിട്ട് എന്റെ കൂടണയാൻ ഞാൻ തിരിച്ചു....'

തിരഞ്ഞു നോക്കാതെ നടക്കുമ്പോഴും എനിക്കാ മുഖം കാണാമായിരുന്നു... ആ കണ്ണുകൾ ഈറൻ അണിയുന്നുണ്ടായിരുന്നു

നല്ല തിരക്ക് കാരണം ബസിൽ സീറ്റ് കിട്ടിയില്ല. പുറക് വശത്തെ ജനാല കണ്ണാടിയിലൂടെ ഞാൻ ആ അമ്മയെ ഒന്ന് നോക്കി.
.. ഒരു നേർത്ത പുഞ്ചിരിയോടെ ആ അമ്മ മുന്നോട്ടു നടക്കുന്നു ണ്ടായിരുന്നു..

ആ അമ്മ യുടെ കാലി കൊട്ടയിൽ നോക്കി ഒരു ദീർഘശ്വാസം വലിക്കുന്നത് ഞാൻ കണ്ടു....

പതിയെ ഞാനും എന്റെ കൂട്ടിലെത്തി ... കയ്യിലെ കനമുള്ള ബാഗ് വീട്ടുകാരിയെ ഏല്പിച്ചു ഞാൻ ആ ഉമ്മറത്തു ഒന്ന് ഇരുന്നു. അപ്പോഴേക്കും അകത്തു നിന്നു പിറുപിറുക്കുന്നത് കേട്ട്.

'ഒരു കാര്യോം ഇല്ലാതെ ഇയാൾക്ക് ഈ കൈതച്ചക്ക വാങ്ങിക്കേണ്ട വല്ല കാര്യോം ഉണ്ടോ മനുഷ്യാ ??? !!!!!.........

പറഞ്ഞ സാധനങ്ങൾ മുഴുവനും ഇല്ലല്ലോ ഇതിൽ ???'

'ഇങ്ങേരെ കൊണ്ട് ഞാൻ തോറ്റു '!!!!!

എനിക്കുറപ്പുണ്ടായിരുന്നു ... ഈ സമയം മറ്റൊരു കൂട്ടിൽ ആ അമ്മൂമ്മ കിളി അന്നത്തെ അന്നം വേവിച്ചു കാണുമായിരിക്കും.... ആ പങ്കിനായ് കാത്തു നിന്നവർക്ക് ഒരു ചെറിയ പുഞ്ചിരി നൽകി കാണും .

എല്ലാം കഴിഞ്ഞു ആ 'അമ്മ നിദ്രയിൽ അണയുമ്പോൾ ....പ്രാർത്ഥനയിൽ എന്നെയും ഉൾപ്പെടുത്തുമായിരിക്കും ....

'പോയ് കുളിക്കു മനുഷ്യാ!!!! കിനാവും കണ്ടിരിക്കാതെ !!!!..'

'അതൊക്കെ പോട്ടെ ... എന്തായി കാര്യങ്ങൾ .... ഈ പേപ്പർ കെട്ടും കൊണ്ടു പോയിട്ട് ???'

ഒരു നേർത്ത പുഞ്ചിരിയോടെ ഞാൻ പറഞ്ഞു ....
' എല്ലാം ശെരിയാകും '

'കുറച്ചു കാലമായ് ചലനമറ്റ് കിടക്കുന്ന എന്റെ പേന എന്തോ മന്ത്രിക്കുന്നതായ് തോന്നി.... '

# കുളിരേകും വയനാടൻ കാഴ്ചകൾ



**റാണി കലാധരൻ**

അവിചാരിതമായി വീണു കിട്ടിയ ഒരു യാത്രയായിരുന്നു വയനാട് യാത്ര!

കുളിരേകുന്ന വയനാടൻ കാഴ്ചകൾ കണ്ടപ്പോൾ 'പാവങ്ങളുടെ യൂറോപ്പ്' എന്ന് തന്നെയാണ് എനിക്കും തോന്നിയത്. വയനാടിനെ പലരും അങ്ങനെ വിശേഷിപ്പിച്ചിട്ടുമുണ്ട്. പ്രകൃതിയിലെ പച്ചയോട്, തെളിനീരിനോട്, മരങ്ങളോടൊക്കെ പ്രണയം തോന്നിയ നിമിഷങ്ങളുമായി ആസ്വദിച്ച് ഒരു യാത്ര. കാട്ടിലൂടെയുള്ള എന്റെ ആദ്യ യാത്ര .

യാത്രകൾ എവിടേക്കായാലും വളരെ പ്രിയപ്പെട്ടതാണ് ഓരോ യാത്രികനും. പക്ഷെ അതിൽ പെൺ യാത്രകൾക്ക് എന്നും മാധുര്യം കൂടുതലാണ്. പക്ഷെ യാത്ര പോകാൻ തീരുമാനമെടുക്കുന്നത് മുതൽ തിരിച്ചെത്തുന്ന സമയം വരെ സ്ത്രീകൾ മാത്രം പോകുന്ന യാത്രയിൽ പലരുടേയും മനസ്സിൽ വീട്ടിലെ കാര്യങ്ങളെക്കുറിച്ചും മറ്റും വേവലാതികൾ ആയിരിക്കും. എങ്കിലും ഞങ്ങൾ, മംഗളൂരു കേരള സമാജത്തിലെ കുറച്ച് സ്ത്രീകൾ മാത്രമായി വയനാട് കാണാൻ പുറപ്പെട്ടു.

കേരള സമാജം പ്രസിഡണ്ട് ടി.കെ.രാജന്റെ സ്വദേശം കൂടിയാണ് വയനാട്. വയനാട് കാണണമെന്ന ആഗ്രഹം അറിയിച്ചപ്പോൾ വേണ്ട സഹായങ്ങളെല്ലാം അദ്ദേഹം ചെയ്ത് തന്നു. പിന്നെ ഒന്നും നോക്കിയില്ല, മംഗളൂരുവിൽ നിന്നും നേരെ ട്രെയിനിൽ തലശ്ശേരിയിലേക്ക്. അവിടെ നിന്നും നേരത്തെ ബുക്ക് ചെയ്ത ട്രാവലറിൽ വയനാട്ടിലേക്ക്. 'നിങ്ങൾ വന്നത് എന്നെക്കാണാനല്ലേ എന്നോട് സംസാരിക്കൂ എന്ന മട്ടിൽ പച്ചപ്പ് നിറഞ്ഞ തേയില തോട്ടങ്ങളും, കാപ്പിത്തോട്ടങ്ങളും, കോടമഞ്ഞും മറ്റുമായി അതി മനോഹരിയായി വയനാട്! .

ഹെയർ പിൻ വളവുകൾ പോലുള്ള ചുരങ്ങൾ. ചുരം കയറുന്നതിനനുസരിച്ച് കാഴ്ചകളുടെ മാറ്റും, തണുപ്പും കൂടിക്കൂടി വന്നു. ചുരത്തിന് മുകളിൽ നിന്നും താഴോട്ടുള്ള കാഴ്ച അതി മനോഹരമായിരുന്നു. സാവധാനത്തിൽ കാഴ്ചകൾ കണ്ട് വണ്ടി മുകളിലേക്ക് പോകുമ്പോൾ ഇറക്കമിറങ്ങി വരുന്ന വണ്ടികൾക്ക് പാതയൊരുക്കാൻ വേണ്ടി റോഡരികിലേക്ക് ട്രാവലർ ചേർത്ത് നിർത്തുമ്പോൾ ഒരു ഭയം മനസ്സിൽ രൂപപ്പെട്ടു. ചുരക്കാഴ്ചകൾക്ക് ശേഷം ബാണാസുര ഡാമിലെ കാഴ്ചകൾ. പ്രകൃതിയുടെ എല്ലാ സൗന്ദര്യവും ആവാഹിച്ചു നിൽക്കുന്ന സുന്ദരമായ മലനിരകൾ ഉള്ള ഒരു സ്ഥലം.

പിന്നെ കുറുവാ ദ്വീപ്. ഏക്കറുകളോളം വ്യാപിച്ചു കിടക്കുന്ന ഒരു ഹരിതവനം. ടിക്കറ്റെടുത്ത് ഒരു ചെറിയ ബോട്ടിൽ നല്ല ഒഴുക്കുള്ള വെള്ളത്തിലൂടെ ലൈഫ് ജാക്കറ്റൊക്കെ ധരിച്ച് പുഴ കടന്ന് ദ്വീപിലേക്കൊരു യാത്ര. മനുഷ്യവാസം ഇല്ലാത്ത ദ്വീപിൽ അഞ്ചാറ് കുരങ്ങന്മാരെയാണ് ആദ്യം കണ്ടത്. പക്ഷെ ആനയിറങ്ങി എന്ന് ഫോറസ്റ്റ് ഗാർഡുകൾ പറയുന്നത് കേട്ട് അല്പസമയം എല്ലാവരും ഒന്ന് പകച്ച് പോയി. കാട്ടിൽ നിറയെ ആനപ്പിണ്ഡം കിടക്കുന്നുണ്ട്. ആനകൾ യഥേഷ്ടം വിഹരിക്കുന്ന ഇടമാണെന്നുറപ്പ്.

ആന വന്നാൽ മുന്നോട്ട് നടക്കുക, മുന്നിലൂടെ ആന വന്നാൽ പിന്നോട്ട് തിരിഞ്ഞോടുക, അല്ലെങ്കിൽ വല്ല മരത്തിലും കയറിയിരിക്കുക. ഇനി കടുവയാണ് വരുന്നതെങ്കിൽ ശബ്ദമുണ്ടാക്കാതിരിക്കുക, ഇനി ആനയും കടുവയും ഒന്നിച്ച് വന്നാലോ എന്നൊന്നും ആരും ആലോചിക്കേണ്ട എന്നൊക്കെ തമാശ പറഞ്ഞ് കളിച്ചും ചിരിച്ചും ദ്വീപിലെ കാഴ്ചകൾ കണ്ട് നടന്നു. (ആനകൾ ആനത്താര വഴി പോയി എന്നാണ് പിന്നീടറിഞ്ഞത.അതായത് ജന്മവാസനയിലൂടെ ആനകളുടെ ബോധത്തിൽ ഉറഞ്ഞ് കിടക്കുന്ന അത്ഭുതങ്ങളാണത്രെ കാട്ടിലൂടെ ആനകൾ ചുവട് വെച്ച് പോകുന്ന വഴികൾ. എവിടെയൊക്കെയാണ് തന്റെ വഴികൾ എന്ന ഓർമ്മ ഓരോ ആനക്കും ഉണ്ടാകുമത്രെ. പക്ഷെ മനുഷ്യർ സൃഷ്ടിച്ച പ്രതിസന്ധികളിൽ ഉഴറുകയാണ് ഈ കാനന ജീവികളെല്ലാം തന്നെ. സുന്ദരമായ കാടിന്റെ സൗന്ദര്യം ആസ്വദിച്ചും, കാഴ്ചകൾ കണ്ടും ഫോട്ടോകളെടുത്തും കുറെ സമയം അവിടെ ചെലവഴിച്ചതിന് ശേഷം നേരെ പിന്നീട് മനോഹരമായ പൂക്കോട് തടാകത്തിലേക്ക്. പിന്നെ നമ്മുടെ സ്വന്തം സിനിമാ നടൻ പപ്പുവിന്റെ താമരശ്ശേരി ചുരത്തിന്റെ അതി മനോഹരമായ കാഴ്ചകൾ.



മംഗളൂരു കേരള സമാജത്തിലെ വനിതാ വിഭാഗം പ്രവർത്തകർ വയനാട് സന്ദർശനത്തിനിടെ.

വൈകുന്നേരമായതോടെ ഇരുട്ടിന് കനം വെച്ച് തുടങ്ങി. അതോടൊപ്പം നല്ല തണുപ്പും. വിറക് കൂട്ടിയിട്ട് കത്തിച്ച് അതിന് ചുറ്റുമിരുന്നുള്ള ഡാൻസും പാട്ടും. ഇതിനിടയിൽ തന്നെ രാത്രി കാടിന്റെ സ്വരവും സംഗീതവും കാഴ്ച കളും ആസ്വദിക്കാനായി കാട്ടിലൂടെ ട്രാവലറിൽ യാത്ര. രാത്രിയ്ക്കായി മാത്രം കാത്തിരിക്കുന്ന പറവകളും വന്യ ജീവികളും, സസ്യങ്ങളുമുണ്ട്. അവയൊക്കെ രാത്രിയെ പ്രണയിച്ചു കഴിയുന്നവരാണ്. ട്രാവലർ കാട്ടിലൂടെ നീങ്ങുമ്പോൾ ചന്ദന മരങ്ങളുടെ സുഗന്ധം മൂക്കിലേക്കിരച്ച് കയറും. കടുവ അടുത്തെവിടെയോ ഉണ്ടല്ലോ എന്നറിഞ്ഞ് നോക്കിയിരുന്നപ്പോൾ കണ്ടത് ഏറെ മനോഹരമായൊരു സ്വപ്ന ദൃശ്യം പോലെ മാനുകൾ അങ്ങോട്ടുമിങ്ങോട്ടും ഓടി നടക്കുന്നതായിരുന്നു. പിന്നെ നേരെ മുന്നിൽ വന്ന് പ്രതിമ കണക്കെ നിന്ന് പതിയെ കാട്ടിലേക്ക് മറയുന്ന കാട്ടുപോത്ത്. കാട്ടിലൂടെയുള്ള യാത്രയിൽ കാട്ടിലെ ജീവികൾക്ക് അരോചകമായ പ്രവൃത്തികൾ ഒന്നും തന്നെ നമ്മിൽ നിന്നും ഉണ്ടാകാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം.

പിറ്റേന്നാണ് ഏക്കറ് കണക്കിന് കാപ്പിത്തോട്ടങ്ങൾ തിങ്ങിനിറഞ്ഞ എസ്റ്റേറ്റിലേക്ക് യാത്ര പോയത്. ഒരു കാടിനേക്കാൾ വലിയ സ്ഥലത്ത് മനോഹരമായ എസ്റ്റേറ്റുകൾ. (ഞങ്ങൾ കണ്ട കാപ്പിത്തോട്ടങ്ങൾ എല്ലാം തന്നെ നമ്മുടെ കേരള സമാജം പ്രസിഡണ്ടിന്റെ സ്വന്തം അധീനതയിലുള്ള എസ്റ്റേറ്റാണെന്നും അറിയാൻ കഴിഞ്ഞു). കാപ്പിത്തോട്ടങ്ങൾക്ക് മുകളിലൂടെ വെള്ളപ്പരവതാനികൾ വിരിച്ചതുപോലെ വിരിഞ്ഞു നിൽക്കുന്ന സുഗന്ധപൂരിതമായ കാപ്പിപ്പൂക്കൾ കണ്ടാൽ ഒരു മണവാട്ടി ലുക്ക്. കാപ്പിപ്പൂക്കളുടെ സുഗന്ധം ഏകദേശം മുല്ലപ്പൂക്കളുടെ സുഗന്ധം പോലെ തന്നെയാണ്. വിളവെടുപ്പിന്റെ സമയമാകാത്തതിനാലാകും കൊളുന്ത് നുള്ളുന്നത് കാണാൻ സാധിച്ചില്ല. പിന്നീട് പാപ നാശിനിയും, ചില കാവുകളുമൊക്കെ കണ്ട് തനി നാടൻ ഭക്ഷണമെല്ലാം കഴിച്ച് തിരിച്ച് മടക്കം.

ചില യാത്രയിലെ കാഴ്ചകൾ വാക്കുകളിലൂടെയോ, വരികളിലൂടെയോ വിവരിക്കാൻ കഴിയാത്തവയാണ്. മനസ്സ് കൊണ്ടും ശരീരം കൊണ്ടും അനുഭവിച്ച് തന്നെ അറിയേണ്ടവയാണ്. അങ്ങനെയൊരു യാത്രയായിരുന്നു വയനാട് യാത്ര!

ഇതൊക്കെയാണെങ്കിലും മാനസിക ഉല്ലാസത്തിനും പിരിമുറുക്കങ്ങളിൽ നിന്നുമൊക്കെ ആശ്വാസം ലഭിക്കാനും ഇത് പോലുള്ള പ്രകൃതിയെ അറിഞ്ഞ് കൊണ്ട് കാട്ടിലൂടെ നടക്കാനും, പ്രകൃതിയോട് കഥ പറഞ്ഞ് കാടും, മലയും പുഴയും കടന്നൊരു യാത്ര പോകാൻ അവസരം ലഭിക്കുമ്പോൾ അയ്യേ വയനാടോ... അവിടെ എന്താ ഇത്ര കാണാനുള്ളത് അല്ലെങ്കിൽ ഇത്രയേ ഉള്ളോ വയനാട്, ഇത് കാണാനാണോ ഇവിടെ വരെ വന്നത് എന്നൊക്കെ ചിന്തിക്കുന്നവർ ഇത് പോലുള്ള സ്ഥലങ്ങൾ തിരഞ്ഞെടുക്കരുതെന്നാണ് വ്യക്തിപരമായി എന്റെയൊരഭിപ്രായം. മാത്രമല്ല ഒട്ടും ജഡ്ജ്മെൻറൽ അല്ലാത്ത തുറന്ന മനസ്സോടെ സന്തോഷത്തെയും, സ്നേഹത്തേയും സ്വീകരിക്കുന്നവർ വേണം എവിടേയും യാത്ര പോകേണ്ടത്!!!


## കടമുറികൾ വാടകയ്ക്ക്

മംഗളൂരു നഗരമധ്യത്തിൽ കെ.എസ്.റാവു റോഡിലെ കേരള സമാജം കോംപ്ലക്സിൽ കടമുറികൾ വാടകയ്ക്ക് നൽകാനുണ്ട്. ആവശ്യമുള്ളവർ കേരള സമാജം ഓഫിസുമായി ബന്ധപ്പെടുക.

ഫോൺ: 0824 2441323

## സമാജ സന്ദേശത്തിൽ പരസ്യം നൽകാൻ ബന്ധപ്പെടുക

ഫോൺ: 0824 2441323

2022 ഏപ്രിൽ 1നു നിലവിൽ വന്ന പരസ്യ നിരക്ക് (ചതുരശ്ര സെന്റീമീറ്ററിന്)

| വാണിജ്യ പരസ്യങ്ങൾ | വ്യക്തിഗത പരസ്യങ്ങൾ |
|---|---|
| ഒന്നാം പേജ്: 25 രൂപ | ഒന്നാം പേജ്: 20 രൂപ |
| ബാക്ക് പേജ്: 20 രൂപ | ബാക്ക് പേജ്: 15 രൂപ |
| ഉൾപേജ്: 15 രൂപ | ഉൾപേജ്: 10 രൂപ |

തുടർച്ചയായി പ്രസിദ്ധീകരിക്കുന്ന പരസ്യങ്ങൾക്ക് പ്രസിദ്ധീകരിക്കുന്ന കാലയളവ് പരിഗണിച്ച് നിരക്കിളവ് നൽകുന്നതാണ്. കേരള സമാജം അംഗങ്ങളുടെയും കുടുംബാംഗങ്ങളുടെയും വ്യക്തിഗത പരസ്യങ്ങൾക്ക് 25 ശതമാനം നിരക്ക് ഇളവ് ലഭ്യമാണ്.

## അധ്യാപകരെ ആവശ്യമുണ്ട്

മലയാളം മിഷനുമായി ചേർന്ന് കേരള സമാജം നടപ്പാക്കുന്ന മലയാളം പഠന പദ്ധതിയിൽ സന്നദ്ധ സേവനമായി മലയാളം പഠിപ്പിക്കാൻ അധ്യാപകരെ ആവശ്യമുണ്ട്. കൂടുതൽ വിവരങ്ങൾക്ക് കേരള സമാജം ഓഫിസുമായി ബന്ധപ്പെടണം.

ഫോൺ: 0824 2441323, 8105290591


### സൃഷ്ടികൾ ക്ഷണിക്കുന്നു

മംഗളൂരു കേരള സമാജം പ്രസിദ്ധീകരണമായ സമാജ സന്ദേശം മാസികയിലേക്ക് കഥ, കവിത, ലേഖനം, ചിത്രങ്ങൾ തുടങ്ങിയ സൃഷ്ടികൾ ക്ഷണിക്കുന്നു. ചിത്രങ്ങൾ നേരിട്ട് ഏൽപിക്കുകയോ സ്കാൻ ചെയ്ത് അയക്കുകയോ ചെയ്യേണ്ടതാണ്. മൊബൈൽ ഫോണിൽ ഫോട്ടോ എടുത്ത് അയക്കുന്ന ചിത്രങ്ങൾ സ്വീകാര്യമല്ല. സമാജം അംഗങ്ങളുടെയും കുടുംബാംഗങ്ങളുടെയും സൃഷ്ടികൾക്ക് മുൻഗണന.

അയക്കേണ്ട വിലാസം:

സമാജ സന്ദേശം,
കേരള സമാജം ഓഫിസ്,
കെ.എസ്.റാവു റോഡ്,മംഗളൂരു–575001.
ഇ–മെയിൽ: samajasandesham@gmail.com

സമാജ സന്ദേശം എഡിറ്റോറിയൽ ബോർഡ്



സമാജ സന്ദേശം എഡിറ്റോറിയൽ ബോർഡ് അംഗങ്ങളായ ടി.കെ.രാജൻ (എഡിറ്റർ), രാജേഷ് കുമാർ കാങ്കോൽ, റാണി കലാധരൻ, നാരായണൻ കേളോത്ത്, മാക്സിൻ സെബാസ്റ്റ്യൻ, വി.ഗോപാലൻ നായർ, എസ്. അജയ കുമാർ, അജി കുമാർ.

# സബ് കമ്മറ്റികൾ പുനസംഘടിപ്പിച്ചു

കേരള സമാജം വാർഷിക ജനറൽ ബോഡി യോഗത്തിന്റെയും പുതിയ ഭാരവാഹി തെരഞ്ഞെടുപ്പിന്റെയും തുടർച്ചയായി വിവിധ സബ് കമ്മറ്റികൾ പുനസംഘടിപ്പിച്ചു. വിവിധ വിഭാഗങ്ങളുടെ യോഗങ്ങൾ കേരള സമാജം സുവർണ ജൂബിലി ഹാളിൽ പ്രത്യേകം പ്രത്യേകം ചേർന്നാണു കമ്മറ്റികൾ പുനസംഘടിപ്പിച്ചത്. വിശദ വിവരങ്ങൾ ചുവടെ

**വനിതാ വിഭാഗം**

കേരള സമാജം വനിതാ വിഭാഗം കൺവീനർ ആയി ഷൈജ സത്യനേയും ജോ. കൺവീനർമാരായി പുഷ്പ വിജയൻ, രാജി പ്രദീപ് എന്നിവരേയും ഏകകണ്ഠമായി തിരഞ്ഞെടുത്തു.

കമ്മറ്റി അംഗങ്ങളായി നളിനി വിജയ്, പത്മിനി ബാലസുബ്രമണ്യൻ, സുശീല രവീന്ദ്രൻ, സിന്ധു മോളി, വിജയ സുന്ദർ, രാധിക ഭാസ്കർ, വിജി സുനിൽ, സെലീന സുകുമാരൻ, പുഷ്പ കുമാർ, വീണ വിജയ് എന്നിവരെയും തെരഞ്ഞെടുത്തു.

**കലാ വിഭാഗം**

കേരള സമാജം കലാ വിഭാഗം കൺവീനർ ആയി അശോകനെയും ജോയിന്റ് കൺവീനർ ആയി ഡാലിയ ദീപകിനെയും തെരഞ്ഞെടുത്തു.

**യുവജന വിഭാഗം**

കേരള സമാജം യുവജന വിഭാഗം കൺവീനർ ആയി വി.ശ്രീരാജിനെയും ജോയിന്റ് കൺവീനർ ആയി ലിയ മഹേഷിനെയും തെരഞ്ഞെടുത്തു.

**കലാ വിഭാഗം**

കൺവീനർ | ജോയിന്റ് കൺവീനർ



അശോകൻ | ഡാലിയ ദീപക്

**വനിതാ വിഭാഗം**

കൺവീനർ | ജോയിന്റ് കൺവീനർമാർ



ഷൈജ സത്യൻ | രാജി പ്രദീപ് | പുഷ്പ വിജയൻ

**യുവജന വിഭാഗം**

കൺവീനർ | ജോയിന്റ് കൺവീനർ



വി. ശ്രീരാജ് | ലിയ മഹേഷ്



കേരള സമാജം യുവജന വിഭാഗത്തിന്റെ നേതൃത്വത്തിൽ മംഗളൂരു കേരള സമാജം സ്കൂളിൽ വിദ്യാർഥികൾക്കായി കൗമാരക്കാരിലെ ആരോഗ്യകരമായ വളർച്ച എന്ന വിഷയത്തിൽ ക്ലിനിക്കൽ സൈക്കോളജിസ്റ്റായ ബി.ശ്വേത ക്ലാസെടുക്കുന്നു.



മംഗളൂരു കേരള സമാജം പ്രസിഡണ്ട് പദവിയിൽ കാൽ നൂറ്റാണ്ട് പിന്നിട്ട ടി.കെ.രാജനെ സൂറത്കൽ കൈരളി കലാവേദി ആദരിച്ചപ്പോൾ.



കേരള സമാജം യുവജന വിഭാഗത്തിന്റെ നേതൃത്വത്തിൽ മംഗളൂരു കേരള സമാജം സ്കൂളിൽ നടന്ന ക്രിസ്തുമസ്–പുതുവത്സര ആഘോഷത്തിൽ പ്രധാനാധ്യാപിക ഹേമലത സംസാരിക്കുന്നു.

**മംഗള ഹോമിയോപ്പതി ക്ലിനിക്**

**മിലാഗ്രസ് മൻഷൻ**

**മിലാഗ്രസ് ചർച്ചിന് സമീപം, ഹമ്പൻകട്ട, മംഗളൂരു**

രോഗങ്ങൾക്ക് ശാസ്ത്രീയമായ ഹോമിയോ ചികിത്സ

**ഡോ. സണ്ണി മാത്യു BHMS, MD**
**റിട്ട. പ്രൊഫസർ**
**ഫാദർ മുള്ളർ ഹോമിയോ മെഡിക്കൽ കോളജ്**
**മംഗളൂരു**

**ബുക്കിംഗിന് വിളിക്കുക– 9448327218**

Edited, Printed and Published by T.K.Rajan on behalf of Kerala Samajam, K.S.Rao Road, Mangaluru-575001. Ph: 0824 2441323. E-Mail: samajasandesham@gmail.com.
Vol: 2. No: 3. Printed at Assisi Press, Assisi Complex, Jail Road, Bejai, Mangaluru- 575003. DTP: VM Communications (Ph: 8762234372)